യേശു ക്രിസ്തുവിന്റെ നാമത്തിൽ സമാധാനം! എന്റെ പേര് റോയ് പോൾ, ഞാൻ ഒരു സുറിയാനി കത്തോലിക്ക സഭ കുടുംബത്തിൽ ജനിച്ചു(1964) ക്രിസ്തീയ വിശ്വാസത്തിൽ വളർന്നു. എന്റെ സ്കൂൾ വിദ്യാഭ്യാസം തൃശ്ശൂർ അയ്യന്തോൾ നിർമല കോൺവെന്റ് സ്കൂൾ നാലാം ക്ലാസ് വരെ പഠിച്ചു. അതിനു ശേഷം അപ്പന്റെ ജോലിയോട് ബന്ധിച്ചു തിരുവനന്തപുരംക്കു താമസം മാറി. പട്ടം സെന്റ് മേരിസ് സ്കൂൾൽ പഠിച്ചു. അവിടെ വച്ച് ഞാൻ ഒരു കത്തോലിക്ക പുരോഹിതൻ ആകുവാൻ ആഗ്രഹിച്ചു അപേക്ഷാ ഫോറം പൂരിപ്പിച്ചു സെമിനാരിയിൽ അയച്ചു. എന്തുകൊണ്ടോ എനിക്ക് വിളി വന്നില്ല. പിന്നീട് ഗവണ്മെന്റ് ആർട്സ് കോളേജിൽ പഠിക്കുവാൻ ചേർന്നു, പക്ഷെ പഠിത്തത്തിൽ ശ്രദ്ധിക്കാതെ, അപ്പനെ അനുസരിക്കാതെ, ആർക്കും കീഴ്പെടാതെ ലോകമോഹത്താൽ വഴി തെറ്റി പോയീ, പരാജയപെട്ടു. ദൈവം ഇല്ലാത്തവനായീ പിന്നെ നിരീശ്വരവാദിയായീ കമ്മ്യൂണിസ്റ്റ് ചിന്താഗതിയിൽ ജീവിതം നയിച്ചു.

എന്റെ 21 വയസ്സിൽ ജോലിയോട് ബന്ധിച്ചു സൗദി അറേബ്യയിൽ, റിയാദിൽ പോയീ ജോലി ചെയ്തു. അങ്ങനെയിരിയ്ക്കുമ്പോൾ എന്റെ വിവാഹം മാതാപിതാക്കളുടെ നിർദേശത്താൽ 24 വയസ്സിൽ കഴിച്ചു. എന്നാൽ എനിക്ക് ഭാര്യയെ കൂടെ കൊണ്ട്പോകുവാൻ കഴിഞ്ഞില്ല. അതുകൊണ്ടു ജോലി വീട്ടു നാട്ടിലേക്ക് മടങ്ങി വന്നു എറണാകുളംത്ത് താമസിച്ചു. എന്റെ കഷ്ടക്കാലവും തുടങ്ങി. എന്റെ കയ്യിൽ ഉണ്ടായിരുന്ന പണം തീരുന്നു, ജോലിയും ഇല്ല. ആ ഇടയ്ക്കു എന്റെ ഭാര്യ ഗർഭണി ആയീ. എങ്ങനെ ജീവിക്കും, എങ്ങനെ മുന്നോട്ട് പോകും, എല്ലാവരും എന്നെ കൈവിട്ടു, ഞാൻ വലിയ ഭാരത്തിൽ ആയീ. അപ്പോഴാണ് എങ്ങനെയെങ്കിലും രക്ഷപെടണം എന്ന് വിചാരിച്ചു പൊട്ടാ ആശ്രമത്തിൽ ധ്യാനം കൂടാൻ പോയത്. പനക്കൽ അച്ചന്റെ പ്രഭാഷണം എന്നെ സ്വാധിനിച്ചു, ദൈവം സന്ദർശിച്ചു. എന്റെ ഹൃദയം നുറുക്കപെട്ടു. ഇവിടെ വെച്ച് ഞാൻ ആദ്യമായീ എന്റെ ദൈവമേ എന്ന് വിളിച്ച ഭിഷിച്ചത്. ദൈവത്തിന്റെ മുമ്പാകെ അൽപ്പം കീഴ്പെടുത്തി, എനിക്ക് അൽപ്പം ആശ്വാസം ലഭിച്ചു. ദുബായ് ൽ പോകുവാൻ വിസിറ്റ് വിസ ലഭിച്ചു, എനിക്ക് ജോലി കിട്ടി. ഉടനെ കുടംബവും വന്നു. അവിടെ വച്ചാണ് പെന്തോകൊസ്റ്റൽ കൂട്ടായ്മയിൽ പോകുവാൻ അവസരം ലഭിച്ചത്. നല്ലൊരു ആത്മീയ അനുഭവം അവിടെ ഉണ്ടായീ. യേശു ക്രിസ്തുവിനെ രക്ഷകനും കർത്താവും ആയീ സ്വീകരിച്ചു. 30-മത്തെ വയസിൽ ജ്ഞാനസ്നാനം എടുത്തു, ദൈവത്തിൽ പൂർണമായീ സമർപ്പിച്ചു, പ്രതിഷ്ഠിച്ചു. ദൈവ വചനം ശ്രദ്ധിച്ച് വായിച്ചു തുടങ്ങി, ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്ൽ ചേർന്നു പഠിച്ചു. അഭിഷേകം പ്രാപിച്ചു. വചനത്തിന്റെ ആഴമായ സത്യങ്ങളെ ദൈവം വെളിപ്പെടുത്തി തരുന്നു. ഫെയ്സ്ബുക്, വെബ് സൈറ്റ് ലൂടെയും ദൈവ വചനം ജനങ്ങൾലേക്ക് അറിയിക്കാനും, സുവിശേഷത്തിന്റെ പങ്കാളിയായീ തീരുവാൻ ദൈവം എന്നെ വേർതിരിച്ചു, യേശുവിൻറെ സാക്ഷിയാക്കി. മകളെ വിവാഹം കഴിച്ചയപ്പാൻ ദൈവം സഹായിച്ചു. അടുത്ത വര്ഷം ജോലി വിട്ട് കുടുംബമായീ മകനുമൊത്തു നാട്ടിലേക്ക് മടങ്ങിയത്.

ഞങ്ങൾ പോകേണ്ട സത്യ കൂട്ടായ്മ കാണിച്ചു തരണം എന്ന് പ്രാർത്ഥിച്ചു, ദൈവം അതിശയകരമായീ ഇ സഭയിൽ അന്ന് കൊണ്ട് വന്നു. ഇവിടെ ആരാധന, പാട്ട് ആത്മികവും ദൈവത്തിനു പ്രസാദവും, ഉപദേശം വേർപെട്ട വിശുദ്ധജീവതം, ആത്മീയമായീ വളരുവാനും, കർത്താവിന്റെ വരവിനായീ ഒരുക്കുന്നു. ദൈവം ഞങ്ങളെ പോറ്റിപുലർത്തുന്നു, ആലോചന തരുന്നു, വീഴാതവണ്ണം സൂക്ഷിക്കുന്നു, ജയത്തോടെ വഴി നടത്തുന്നു. കൃപയാൽ ശുശ്രൂഷ വേലയിൽ ആയിരിക്കുന്നു. ദൈവം ചെയ്ത എല്ലാ ഉപകാരത്തിനും, നന്മയ്ക്കും, ദയ്ക്കും കരുണക്കും ആയീ പരിശുദ്ധ ദൈവത്തിനു മഹത്വും സ്തുതിയും സ്തോത്രം. ഹല്ലെലൂയ്യാ!
*നിന്റെ ചട്ടങ്ങൾ പഠിപ്പാൻ തക്കവണ്ണം ഞാൻ കഷ്ടതയിൽ ആയിരുന്നതു എനിക്കു ഗുണമായി* s119 :71